5358
21/8/13

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - "**ഭൂരഹിതരില്ലാത്ത കേരളം പദ്ധതി -2015**" വിവിധതരം സർക്കാർ ഭൂമികൾ ഉപയോഗപ്പെടുത്തുന്നതിന് അനുമതി നൽകി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

റവന്യൂ(എ) വകുപ്പ്

സ.ഉ. (കൈ.) നം. 328/ 2013 / റവന്യൂ തീയതി, തിരുവനന്തപുരം, 05.08.2013

==========================================================

പരാമർശം : ജോയിന്റ് കമ്മീഷണർ & സ്പെഷ്യൽ ഓഫീസറുടെ 25.07.2013 ലെ എൽ ആർ (ജെ)10-29572/2013 നമ്പർ കത്ത്

<u>ഉത്തരവ്</u>

"**ഭൂരഹിതരില്ലാത്ത കേരളം പദ്ധതി -2015**"- ൽ വീട് വയ്ക്കുന്നതിന് അനുയോജ്യമായ റവന്യൂ ഭൂമി കൂടാതെ അന്യം നിൽപ്പ് ഭൂമി (Escheat Land), മിച്ച ഭൂമി (Surplus Land), അഞ്ച് വർഷത്തിൽ കൂടുതൽ പഴക്കമുള്ള ബോട്ട് -ഇൻ-ലാന്റ് (Bought-in-Land) എന്നിവയിൽ കൂടി ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമുള്ള നടപടി സ്വീകരിച്ച് പട്ടയം വിതരണം ചെയ്യുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശ പ്രകാരം ജോയിന്റ് കമ്മീഷണർ & സ്പെഷ്യൽ ഓഫീസർ, "**ഭൂരഹിതരില്ലാത്ത കേരളം പദ്ധതി -2015**" അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. "**ഭൂരഹിതരില്ലാത്ത കേരളം പദ്ധതി -2015**"- ൽ വീട് വയ്ക്കുന്നതിന് അനുയോജ്യമായ റവന്യൂ ഭൂമി കൂടാതെ അന്യം നിൽപ്പ് ഭൂമി (Escheat Land), മിച്ച ഭൂമി (Surpls Land), അഞ്ച് വർഷത്തിൽ കൂടുതൽ പഴക്കമുള്ള ബോട്ട് -ഇൻ-ലാന്റ് (Bought-in-Land) എന്നിവയിൽ കൂടി ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് പട്ടയം വിതരണം ചെയ്യേണ്ടതാണെന്ന് ഉത്തരവാകുന്നു.

(3) ജില്ലാ കളക്ടർമാർ ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരമുള്ള മുഴുവൻ നടപടികളും സ്വീകരിച്ച് പ്രസ്തുത ഭൂമികൾ റവന്യൂ ഭൂമിയാക്കി മാറ്റേണ്ടതാണ്. ലാന്റ് റവന്യൂ കമ്മീഷണർ, ജോയിന്റ് കമ്മീഷണർ & സ്പെഷ്യൽ ഓഫീസർ, "**ഭൂരഹിതരില്ലാത്ത കേരളം പദ്ധതി -2015**", **ഡയറക്ടർ**, സർവ്വേ & ലാന്റ് റെക്കോർഡ്സ് എന്നിവർ ഇക്കാര്യത്തിൽ മേൽനോട്ടം വഹിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ടി.വി.വിജയകുമാർ
അഡീഷണൽ സെക്രട്ടറി

1. ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
2. ഡയറക്ടർ, സർവ്വേ & ലാന്റ് റിക്കോർഡ്സ്, തിരുവനന്തപുരം.
3. ജോയിന്റ്കമ്മീഷണർ (ലാന്റ് റവന്യൂ) & സ്പെഷ്യൽ ഓഫീസർ (സീറോ ലാന്റ് ലെസ് പ്രോജക്റ്റ്), തിരുവനന്തപുരം.
4. അസിസ്റ്റന്റ് കമ്മീഷ്ണർ (ലാന്റ് അസൈൻമെന്റ്) & സ്പെഷ്യൽ ഓഫീസർ, കേരള സ്റ്റേറ്റ് ലാന്റ് ബാങ്ക്, തിരുവനന്തപുരം.
5. എല്ലാ ജില്ലാ കളക്ടർമാർക്കും.
6. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ